**File No.DT/1755/2020-F3-Part(2)**

"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
DT/1755/20-F3 തീയതി: 06/11/2020

**സർക്കുലർ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- ലോക്ക്ഡൌണിന് ശേഷം സർക്കാർ/പ്രൈവറ്റ് ഐടിഐ കൾ പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതിനൽകുന്നത്-സംബന്ധിച്ച്

സൂചന:- 1. 29/8/20 ലെ No.40-3/2020-DM-1(A) ആയ കേന്ദ്രസർക്കാരിൽ നിന്നുള്ള കത്ത്

2. ഈ കാര്യാലയത്തിൽ നിന്നുള്ള 7/7/20 ലെ ഇതേ നമ്പർ സർക്കുലർ.

3. 21/8/20 ൽ ബഹു ട്രെയിനിംഗ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്

4. 6/11/20 ലെ സി2/51/2020/തൊഴിൽ നമ്പരായ സർക്കാർ കത്ത്.

സംസ്ഥാനത്തെ സർക്കാർ/പ്രൈവറ്റ് ഐടിഐ കളിൽ അവസാന വർഷ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് താഴെപ്പറയുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ട് പ്രായോഗിക പരിശീലനം നൽകുന്നതിനായി ഐടിഐ കൾ തുറന്നു പ്രവർത്തിക്കാൻ സൂചന (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

1. കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2.ഒരു സമയം 25% കുട്ടികൾക്ക് മാത്രം ട്രെയിനിംഗ് നൽകേണ്ടതാണ്.

ഐടിഐ കൾ തുറന്നു പ്രവർത്തിക്കുന്നതിന് പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദേശങ്ങൾ സൂചന (2), (3) പ്രകാരം നൽകിയിരുന്നു. സൂചന (2),(3) പ്രകാരം നൽകിയിരുന്ന നിർദേശങ്ങൾ കൃത്യമായും പാലിച്ചും , കോവിഡ് മാനദണ്ഡങ്ങൾ കർശനമായി ഉറപ്പുവരുത്തിയും, ഒരു സമയം 25% കുട്ടികൾക്ക് മാത്രം ട്രെയിനിംഗ് നൽകുന്ന വിധം ക്രമീകരണം ഉറപ്പാക്കി സംസ്ഥാനത്തെ സർക്കാർ/പ്രൈവറ്റ് ഐടിഐ കൾ 09/11/2020 മുതൽ തുറന്നു പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നു. സൂചന (4) സർക്കാർ കത്ത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം: മേൽപ്പറഞ്ഞത്

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്: എല്ലാ സർക്കാർ/പ്രൈവറ്റ് ഐടിഐ പ്രിൻസിപ്പാൾ മാർക്കും

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് മാർക്കും( കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഐടിഐ പ്രവർത്തിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും,ഉറപ്പ് വരുത്തുന്നതിനുമായി).

വകുപ്പിന്റെ വെബ് സൈറ്റ്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

നമ്പർ.സി2/51/2020/തൊഴിൽ 06/11/2020,തിരുവനന്തപുരം

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ഐ.ടി.ഐ കൾ **ലോക്ക്ഡൗണിനു ശേഷം പ്രവർത്തനം ആരംഭിക്കുന്നത്** - സംബന്ധിച്ച്

സൂചന:- താങ്കളുടെ 6.10.2020, 30.10.2020 തീയതികളിലെ ഡിറ്റി/1755/2020/ എഫ്3 നമ്പർ കത്തുകൾ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. സംസ്ഥാനത്തെ ഐ.ടി.ഐ കളിൽ അവസാന വർഷ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് മാത്രമായി ചുവടെ **ചേർത്തിരിക്കുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് ഐ.ടി.ഐ കൾ തുറന്ന് പ്രവർത്തിക്കുന്നതിന്** അനുമതി നൽകുന്നു.

(1) **കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

(2) ഒരു സമയം 25% കുട്ടികൾക്ക് മാത്രം ട്രെയിനിംഗ് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
**ആർ എസ് ഷസി**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.